LIBRARY ARCHIVES Kerala Legislative Assembly

തൊഴിലുറപ്പ് പദ്ധതി

41 (2673) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൻപ്രകാരം എത്ര പേർ പണിയെടുക്കുന്നു ;

(ബി) 2014-15 സാമ്പത്തിക വർഷം എത്ര പേർക്ക് നൂറ് ദിവസം തൊഴിൽ നൽകുവാൻ സാധിച്ചു ;

(സി) 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായമായി ലഭിച്ച തുക എത്ര ; സംസ്ഥാന വിഹിതം എത്ര ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ കേന്ദ്ര വിഹിതം സംസ്ഥാനം 2014-15-ൽ വകമാറ്റി ചെലവഴിച്ചുവോ ; വ്യക്തമാക്കുമോ ;

(ഇ) തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബത്തെ സഹായിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; മുഴുവൻ തൊഴിലുറപ്പ് തൊഴിലാളികൾക്കും സമ്പൂർണ്ണ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 മുതലുള്ള കാലയളവിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെയും അതിൻപ്രകാരം തൊഴിൽ ചെയ്യുന്നവരുടെ എണ്ണവും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

വർഷം	രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	പണിയെടുത്ത തൊഴിലാളികളുടെ എണ്ണം
2011-12	1886774	1562991
2012-13	2553204	1664980
2013-14	2835056	1643206
2014-15	3028599	1512501
2015-16 (22-6-2015)	3063020	423593

(ബി) 2014-15 സാമ്പത്തിക വർഷം 98430 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്രവിഹിതമായി 1587.58 കോടി രൂപയും സംസ്ഥാന വിഹിതമായി 40 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രവിഹിതം 2014-15-ൽ വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ഇ) തൊഴിലുറപ്പ് പദ്ധതി ജോലിക്കിടെ നാളിതുവരെ മരണപ്പെട്ടവരുടെ എണ്ണം സംബന്ധിച്ച ജില്ലതിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. ഇപ്രകാരം മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് പദ്ധതിയിൽ അനുവദനീയമായ എക്സ്-ഗ്രേഷ്യ ഇകയായ 25,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള തൊഴിലാളികൾക്ക് 'ആം ആദ്മി ബീമായോജന' പ്രകാരമുള്ള ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി വേതനം

42 (2674) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ എത്ര പേർ ഏർപ്പെട്ടിട്ടുണ്ടെന്നും ഇവർക്ക് ഇപ്പോൾ എത്ര രൂപ പ്രതിദിന വേതനം നൽകുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷുറൻസ്, ക്ഷേമ പെൻഷൻ എന്നിവ ഏത് രീതിയിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 മുതൽ 2015-16 വരെ ആവശ്യാധിഷ്ഠിതമായി തൊഴിലിലേർപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly